കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ചിറ്റൂർ തത്തമംഗലം നഗരസഭ – ഓഡിറ്റോറിയത്തിലെ നടത്തിപ്പിനായി കെയർടേക്കർമാരെ നിയമിക്കുന്നതിനായി അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.2811/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 16/11/2013

---

പരാമർശം :
1. ചിറ്റൂർ തത്തമംഗലം നഗരസഭാസെക്രട്ടറിയുടെ 24/2/2012 ലെ ആർ.5268/10 നമ്പർ കത്ത്
2. 24/6/2013 ലെ നഗരകാര്യ ഡയറക്ടറുടെ ജി3.4756/12 നമ്പർ കത്ത്
3. 29/11/2011 ലെ ചിറ്റൂർ തത്തമംഗലം നഗരസഭയുടെ 23ാം നമ്പർ തീരുമാനം

## ഉത്തരവ്

ചിറ്റൂർ തത്തമംഗലം നഗരസഭ വക ഓഡിറ്റോറിയത്തിൽ ഒരു കെയർടേക്കറുടെ സേവനം അത്യാവശ്യമായതിനാൽ പരാമർശം 3 ലെ കൗൺസിൽ തീരുമാനപ്രകാരം പ്രതിമാസം 3000/- രൂപ ഹോണറേറിയം അടിസ്ഥാനത്തിൽ ഒരാളെ നിയമിച്ച നടപടിക്ക് അംഗീകാരം നൽകുന്നതിനും തുടർന്നും കെയർടേക്കർ ആയി ഒരാളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള പരാമർശം ഒന്ന് പ്രകാരം നഗരസഭാസെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചിറ്റൂർ തത്തമംഗലം നഗരസഭയുടെ ഓഡിറ്റോറിയത്തിന്റെ നടത്തിപ്പിനായി ഒരു കെയർടേക്കറെ താൽക്കാലികമായി 3000/- (മൂവായിരം രൂപ) പ്രതിമാസം ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ച നടപടി സാധൂകരിച്ചുകൊണ്ടും ആയതിലേക്കായി ഒരു കെയർടേക്കറെ കൂടി അതേ ഓണറേറിയം നിരക്കിൽ താൽക്കാലികമായി നിയമിക്കാൻ അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ഇതിനാവശ്യമായ തുക പ്രസ്തുത ഓഡിറ്റോറിയത്തിന്റെ വരുമാനത്തിൽ നിന്നും കണ്ടെത്തേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മുനിസിപ്പൽ സെക്രട്ടറി, ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ